തോട്ടം തൊഴിലാളികളുടെ വേതനം

25(*85) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനവും മറ്റാനുകൂല്യങ്ങളും പുതുക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം തൊഴിലാളി സമരം ഒഴുതുതീർപ്പാക്കുന്നതിന് ആധാരമായി സ്വീകരിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) തേയില, കാപ്പി, റബ്ബർ, ഏലം, തുടങ്ങിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലപാട് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) 14-10-2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി താഴെപ്പറയുംപ്രകാരം വിവിധ വിളകളിൽ കൂലി നൽകുന്നതിന് തീരുമാനമെടുത്തു.

വിള	കൂലി (ഡി.എ. അടക്കം)
തേയില, കാപ്പി	301
റബ്ബർ	381
ഏലം	330

(ബി) തോട്ടം തൊഴിലാളികൾക്ക് വേതന വർദ്ധന ആവശ്യപ്പെട്ട് നടത്തിവന്ന സമരം താഴെപ്പറയുന്ന വ്യവസ്ഥകളിന്മേലാണ് തീർപ്പായത്.

14-10-2015-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനങ്ങൾ

1. തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ കൂലി പ്രതിദിനം 301 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

2. കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. ഏലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ ഇപ്പോൾ പ്രതിദിനം 330 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

4. റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ ഇപ്പോൾ പ്രതിദിനം 381 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

5. മേൽ നിർമാണങ്ങളുടെ അടിസ്ഥാനത്തിൽ പണിമുടക്ക് സമരം പിൻവലിക്കുന്നതാണ്. മറ്റ് വിഷയങ്ങൾ പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം ചർച്ച ചെയ്യുന്നതാണ്. 6-11-2015-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ 2015 നവംബർ 1-ാം തീയതി മുതൽ മേൽ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനം അനുസരിച്ചുള്ള ഇഎ പ്ലാന്റേഷൻ മേഖലയിൽ പൂർണ്ണമായും നടപ്പിലായിട്ടുണ്ട്.

(സി) പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തും വിവിധ മേഖലകളിൽ യന്ത്രവൽക്കരണമുണ്ടായിട്ടുള്ള സാഹചര്യത്തിലും ഉല്പാദനക്ഷമത വർദ്ധനവ് വരുത്തണമെന്ന് വിവിധ തൊഴിലുടമ സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ തൊഴിലാളി സംഘടനകളുടെ അഭിപ്രായമാരായുകയും ഉഭയകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ തേയിലയിൽ ഷിയർ ഉപയോഗിച്ചുള്ള പ്ലക്കിംഗിനും കാപ്പിയിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ട് വർദ്ധനയും വരുത്തിയിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ

26(*86) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ ഒപ്പുവെയ്ക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; വേതനം പുതുക്കുന്നതായി എന്ന് മുതൽ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

GPM. 2/238/2020-9

LIBRARY ARCHIVES Kerala Legislative Assembly